# ദർശനം

ഒരു കഥ എഴുതി അയയ്ക്കാനല്ലേ താങ്കൾ ആവശ്യപ്പെട്ടിരുന്നത്?

എന്തെഴുതണം എന്നു വളരെയേറെ ആലോചിച്ചു. എന്താണ് ഏറ്റവും രസകരം?

മിനിട്ടുകൾ, മണിക്കൂറുകൾ. അവ കടന്നുപൊയ്ക്കൊണ്ടിരുന്നു.

വിശപ്പ്. ശരീരത്തിൻെറ ഏതോഭാഗത്തുനിന്നും അത് ചെളിയിൽനിന്നും കുമിളപോലെ പൊന്തിവന്നു. പതുക്കെ ഉയർന്നുയർന്ന് എങ്ങോ തട്ടി.

ഭും. അതുപൊട്ടി. അതോടെ ഏതോ ജീവി പുറത്തുവന്നു. അത് വയറ്റിലെല്ലാം അള്ളിപ്പറിയ്ക്കാൻ തുടങ്ങി. കടുത്ത വിശപ്പ്. ഇനി ആഹാരം കഴിക്കാൻ പോയേ പറ്റൂ.

ഞാൻ എഴുന്നേറ്റു ഡ്രസ്സ് ചെയ്തു നടന്നു. അപ്പോഴും തലച്ചോറിൽ ഭൂകമ്പത്തിൻെറ പ്രതീതി.

ഏതാണാ കഥ?

വയറ്റിലെ നീരാളി അലറിക്കരഞ്ഞു. ഭയപ്പെട്ടതുപോലെ.

എനിക്ക് കഥ ഓർമ്മവന്നു. ഒരു രസകരമായ കഥ.

പണ്ടുപണ്ട്, എന്നുവച്ചാൽ ഏതാണ്ട് നാൽപ്പതുവർഷം മുൻപ് നടന്ന കഥ.

അന്ന് എനിക്കു ജോലി ആസ്സാമിലായിരുന്നു. ഗോഹാട്ടിയിൽ. ഗോഹാട്ടി അന്ന് ആസ്സാമിൻെറ തലസ്ഥാനമായിട്ടില്ല. വളർന്നുവരുന്ന ഒരു പട്ടണം.

ഞാൻ ഒറ്റയ്ക്ക് ഒരു മുറിയിൽ താമസം. നഗരത്തിനു വെളിയിൽ. കാര്യമായ സ്നേഹിതന്മാരാരുമില്ല. ഊണെല്ലാം ഒരു പഞ്ചാബിഹോട്ടലിൽ.

ഉച്ചയ്ക്കുള്ള ഊണും രാവിലത്തെ കാപ്പിയും എങ്ങനേയും സഹിക്കാം. പക്ഷെ രാത്രിയിൽ?

ഉണങ്ങിയ പ്ലാവിലപോലെയുള്ള ചപ്പാത്തി. കഷായത്തിൻെറ സ്വാദുള്ള ഏതോ കറി.

കഴിഞ്ഞു, അത്താഴത്തിൻെറ വിഭവങ്ങൾ.

ങാ, ഒന്നുകൂടിയുണ്ടായിരുന്നു. നാറുന്ന പച്ചവെള്ളം.

ആറുമാസത്തോളം അതു സഹിച്ചു. അടുത്തെങ്ങും വേറെ ഹോട്ടലില്ല. അല്ലെങ്കിൽ രണ്ടുമൈലോളം നടക്കണം.

അതുവയ്യ. പോരെങ്കിൽ പകലും രാത്രിയും പൊള്ളുന്ന ചൂട്.

പിന്നെന്താണൊരു വഴി?

ഉത്തരം കിട്ടാഞ്ഞപ്പോൾ ചില പരിചയക്കാരോടു ചോദിച്ചു. അവർക്കെല്ലാം വീടും കുടുംബവുമുണ്ട്. ഭാഗ്യവാന്മാർ.

രാത്രി എനിക്കുകൂടെ ആഹാരം തയാറാക്കിത്തരാമെന്ന് ആരെങ്കിലും പറഞ്ഞിരുന്നെങ്കിൽ!

ആരും പറഞ്ഞില്ല. പലരും ചിരിച്ചുതള്ളി. ചപ്പാത്തിയുടെ ഭംഗികേട്ടപ്പോൾ അവരുടെ ഭാര്യമാർ പൊട്ടിച്ചിരിച്ചു.

പക്ഷെ ഒരാൾ മാത്രം അതു ഗൗരവമായെടുത്തു. പിന്നൊരുദിവസം കണ്ടപ്പോൾ ചോദിച്ചു:

"ഇപ്പഴും രാത്രി പ്ലാവിലയാണോ ശാപ്പാട്?"

അയാളുടെ ചിരികണ്ടപ്പോൾ കാര്യം ഓർമ്മവന്നു.

"പിന്നെന്തോ ചെയ്യാനാ?"

"താനെന്തിനാ രാത്രീൽ ശാപ്പാട് കഴിക്കുന്നേ?"

"പിന്നെങ്ങനാ? പട്ടിണി കിടക്കാനോ?"

"അതല്ല. ആ ചുറ്റുപാടൊക്കെ നല്ല പാലുകിട്ടും. പറഞ്ഞാൽ അത് കാച്ചിക്കൊണ്ടുവരും. ഒരിരുന്നാഴിപ്പാലും മൂന്നാലുപഴവും. പോരേ അത്താഴം? ഹോട്ടലിൽ കൊടുക്കുന്ന കാശേ ആകൂ."

അയാൾ പോയി.

ഞാൻ ആലോചിച്ചു. ശരിയല്ലേ അയാൾ പറഞ്ഞത്? പാൽ ഒരു സമീക്രൂതാഹാരം. പോരെങ്കിൽ പഴവും.

പഴയ ഒരു സിനിമാപ്പാട്ട് ചെവിയിൽ മുഴങ്ങി.

പാലും പഴവും കൈകളിലേന്തി...

എന്തേ എനിക്കിതുവരെ ഇതു തോന്നിയില്ല?

ങാ, എല്ലാത്തിനും ഉണ്ടൊരു കാലവും നേരവും.

ഞാൻ പാലുകച്ചവടക്കാരെ തേടാൻ തുടങ്ങി.

പക്ഷെ കണ്ടുകിട്ടിയവരെല്ലാം സൈക്കിളിൽ കെട്ടിയുറപ്പിച്ച വലിയ പാത്രത്തിൽ പാൽ കൊണ്ടുനടന്ന് വീടുതോറും കച്ചവടം ചെയ്യുന്നവരാണ്.

എൻെറ മുറിയുടെ തെക്കുഭാഗം വലിയ കാടാണ്. ആ കാടിനപ്പുറത്തെങ്ങൊ നിന്നാണവർ വരുന്നത്. ടൗണിലേ വീടുകളിലെല്ലാം പാൽ കൊടുത്തിട്ട് മടങ്ങും. വീടിൻെറ മുൻപിലെത്തി സൈക്കിൾ ബല്ലടിച്ചാൽ വീട്ടുകാരെത്തിക്കൊള്ളും.

പക്ഷെ എനിക്കെവിടെ വീട്ടുകാർ?

ഒടുവിലൊരാൾ സമ്മതിച്ചു. ഒരു പ്രത്യേകസ്ഥലത്തു പാത്രം വച്ചിരുന്നാൽ ഒഴിച്ചിട്ടുപോകാം.

പക്ഷെ തിളപ്പിച്ചുകൊണ്ടുവരാനൊന്നും പറ്റില്ല. നിങ്ങൾക്കറിയാമല്ലോ?

അന്നുസന്ധ്യയ്ക്കുതന്നെ ഉണക്കപ്ലാവിലയും കഷായവും കഴിച്ചിട്ടുവന്നു വീടിൻെറ മുൻപിലിരുന്ന് ഞാൻ ആലോചിച്ചു. എന്താണൊരുവഴി?

ഞാൻ കാടിനുനേരെ നോക്കി. നിലാവെളിച്ചത്തിൽ കാടുതിളങ്ങുന്നു. എന്തൊക്കെയോ നേരിയ ശബ്ദങ്ങൾ!

വനദേവതമാരാണോ? എങ്കിൽ അവരോടുപ്രാർഥിച്ചാലോ?

ഞാൻ പ്രാർഥിച്ചു. എനിക്കൊരുവഴി കാണിച്ചുതരേണമേ?

കാടിനുള്ളിൽ മിന്നാമിനുങ്ങുകൾ നെടുകെയും കുറുകെയും പറന്നുകത്തുന്നു. കെടുന്നു. വീണ്ടും കത്തുന്നു.

വനദേവതമാർ എനിക്കേതോ സന്ദേശം തരികയാണോ?

മനസ്സിൻെറ ഏതോകോണിൽ ഒരു ചലനം. മറന്നുകിടന്ന ഏതോ അറിവിനുമേലെ മൂടിയിരുന്ന ചാരം പറന്നൊഴിഞ്ഞു.

'പാൽ തിളപ്പിക്കുമ്പോൾ അതിലെ ചില ഘടകങ്ങൾ നഷ്ടമാകുന്നു.'

അപ്പോൾ തിളപ്പിക്കാതെ കുടിച്ചാൽ?

ഏറ്റവും നല്ലത്.

ഈ അറിവ് എന്നിലുയർത്തിയ വനദേവതമാരേ, നിങ്ങൾക്കെൻെറ അകമഴിഞ്ഞ നന്ദി.

പിറ്റേദിവസം തന്നെ പാൽക്കാരനോട് ഇടപാടുചെയ്തു. പാത്രം ഇരിക്കുന്ന സ്ഥലം പറഞ്ഞുകൊടുത്തു. അതിനടുത്തൊരു പുസ്തകം വച്ചേക്കും. പാൽ അതുകൊണ്ട് അടച്ചുവയ്ക്കണം.

വയ്യിട്ട് പഴവും വാങ്ങി പ്രതീക്ഷയോടെ വന്നപ്പോൾ –

പറഞ്ഞിടത്തുതന്നെ, ഏതാണ്ട് പാത്രംനിറയെ പാൽ!

ശുദ്ധമായ പശുവിൻപാൽ. എല്ലാ ജീവകങ്ങളും ഹാജർ. ശാപ്പാട് കുശാൽ.

ഞാൻ എനിക്ക് ഈ ബുദ്ധി ഉപദേശിച്ച പരിചയക്കാരനോട് വിവരം പറഞ്ഞു. നന്ദി. ഉപദേശത്തിനും വനദേവതമാർക്കും നന്ദി. ഒരായിരം നന്ദി.

ഒരാഴ്ച കഴിഞ്ഞുകാണും.

ഒരുദിവസം വന്നപ്പോൾ പുസ്തകം പാത്രത്തിൻെറ അടുത്തുകിടക്കുന്നു.

പാൽ ഒരൽപ്പം കുറവുള്ളതുപോലെ.

'അളവിൽ കുറഞ്ഞതാകാം.' ഞാൻ സമാധാനിച്ചു. 'പക്ഷെ അയാൾക്കത് നേരേചൊവ്വേ ഒന്നടച്ചുവച്ചാലെന്താ?'

പിന്നീടുകണ്ടപ്പോൾ ഞാൻ അയാളോടു ചോദിച്ചു:

"പാൽ ഒന്നടച്ചുവെക്കാത്തതെന്താ?"

"ഞാൻ എന്നും ആ പുസ്തകംകൊണ്ട് അടച്ചുവെക്കുന്നുണ്ടല്ലോ?"

ഗുരുതരമായ ഏതോ കുറ്റം ആരോപിക്കപ്പെട്ട നിരപരാധിയുടെ കണ്ണുകൾകൊണ്ട് അയാളെന്നെനോക്കി. ഞാൻ 'സോറി' എന്നു പറയുന്നതിനുമുൻപ് അയാളുടെ സൈക്കിൾ അകന്നുകഴിഞ്ഞു.

ഒരാഴ്ച കഴിഞ്ഞു.

ഞാൻ വരുമ്പോൾ പാത്രം എന്നും തറയിൽതന്നെ. പാൽ കുറവ്. കുറഞ്ഞുകുറഞ്ഞുവരുന്നു.

ഞാൻ വരാന്തയിലിരുന്നാലോചിച്ചു. അയാൾ അങ്ങനെ പാൽ കുറയ്ക്കുമോ? അതിനിടയില്ല.

പുസ്തകം കൊണ്ട് അടച്ചുവയ്ക്കാൻ എന്നും മറക്കുമോ?

അതിനുമിടയില്ല.

പിന്നെ?

ഒരുത്തരത്തിനുവേണ്ടി ഞാൻ കാടിനുനേരെ നോക്കി. വനദേവതമാരേ, നിങ്ങൾ പറഞ്ഞുതരൂ. എന്താണിങ്ങനെ?

മിന്നാമിനുങ്ങുകൾ തലങ്ങും വിലങ്ങും പറന്നു. ഒരേനിമിഷം കെട്ടു. ഒന്നിച്ചു കത്തി.

ഞാൻ നോക്കിക്കൊണ്ടിരുന്നു. എനിക്കുള്ള സന്ദേശം എവിടെ? എവിടെ?

പെട്ടെന്നു ഞാനതു കണ്ടു.

രണ്ടു മിന്നാമിനുങ്ങുകൾ മാത്രം മറ്റുള്ളവയോടൊപ്പം കെടുന്നില്ല. കത്തുന്നില്ല.

അവയുടെ പ്രകാശവും ഇരുട്ടും വ്യത്യസ്ഥമാണ്.

എനിക്കുള്ള സന്ദേശം.

ഒന്നുമാത്രം.

ഞങ്ങൾ നിനക്കായ് വയ്ക്കുന്ന പാൽ കുടിയ്ക്കുന്നു. നിന്നേയനുഗ്രഹിക്കുന്നു. വിഷമിക്കേണ്ട.

എൻെറയുള്ളിൽ വെളിച്ചം വിടർന്നു. അതു വിടർന്നുവിടർന്നു ലോകമാകെ നിറഞ്ഞു. അനുഗ്രഹം. എനിയ്ക്കായ്, എനിയ്ക്കായ് ദേവിയുടെ അനുഗ്രഹം.

ഇനി ഞാൻ പാൽ കുറഞ്ഞതിനെപ്പറ്റി വേവലാതിപ്പെടില്ല. പുസ്തകം അതിനുമീതെ വേണ്ട. ദേവിമാർ എന്നെ അനുഗ്രഹിക്കുമ്പോൾ അതിനിടയ്ക്ക് എന്തിന് ഒരു പുസ്തകം?

ഞാൻ പുസ്തകം അവിടെനിന്നു മാറ്റി.

സന്തോഷം. ദേവിമാർ കുടിച്ചതിൻെറ ബാക്കിയാണല്ലോ എനിക്കെന്നും കിട്ടുന്നത്. ദേവീപ്രസാദം.

ചിലദിവസങ്ങളിൽ പാൽ ഒട്ടും ബാക്കിയില്ലെങ്കിൽപോലും എനിക്ക് ദു:ഖം തോന്നിയില്ല.

ഇന്ന് അവർ എന്നെ മനസ്സുനിറഞ്ഞ് അനുഗ്രഹിച്ചതാകാം.

ഞാൻ സ്ഥിരമായി ലോട്ടറിടിക്കറ്റുകൾ എടുക്കാൻ തുടങ്ങി. താൻ പാതി, ദൈവം പാതി എന്നല്ലേ പഴഞ്ചൊല്ല്. ദേവിമാരുടെ അനുഗ്രഹം ഞാൻ ശ്രമിക്കാത്തതുകൊണ്ട് വെറുതെയാകരുതല്ലോ?

ഏതാണ്ട് രണ്ടുമാസം അങ്ങിനെ കഴിഞ്ഞു.

ഒരുദിവസം ഞാൻ കുറച്ചു നേരത്തേയെത്തി. നേരിയ തലവേദന. നേരത്തെ കിടന്നുകളയാം.

കെട്ടിടത്തിനുള്ളിൽ എന്നത്തേയും പോലെ കൂരിരുട്ട്. പുറത്തു നേരിയ നിലാവ്. നിഴലുകൾ ഇളംകാറ്റിൽ കൂടിക്കലരുന്നു. ദൂരെ കാടിൻെറ മേൽഭാഗം തിളങ്ങുന്നു. വരാന്തയിൽ നേരിയ വെളിച്ചം.

ഞാൻ പാൽ വയ്ക്കുന്ന കോണിലേക്കുനോക്കി. അവിടെ ഇരുട്ട് അൽപം കൂടുതലുണ്ടോ?

ഞാൻ സൂക്ഷിച്ചുനോക്കി. അവിടെ എന്തോ ചലിക്കുന്നു!

ഞാൻ നോക്കിക്കൊണ്ടിരിക്കെ അടുത്തടുത്തായി രണ്ട് മിന്നാമിനുങ്ങുകൾ അവിടെ തെളിഞ്ഞു.

പക്ഷെ ആ വെളിച്ചങ്ങൾ കെടാതെ നിന്നു. എന്നേത്തന്നെ സൂക്ഷിച്ചുനോക്കുന്നതുപോലെ.

വനദേവതയുടെ കണ്ണുകൾ! തിളങ്ങുന്ന നേത്രങ്ങൾ!

എൻെറ കൈകൾ ഞാനറിയാതെ ഉയർന്നു. കൈപ്പത്തികൾ ചേർന്നുകൂമ്പി. കണ്ണുകളടയുന്നു.

ഒരുനിമിഷം അങ്ങനെ കഴിഞ്ഞുകാണും.
നിശ്ശബ്ദതയിൽ ഒരു പാത്രം അനങ്ങിയ ശബ്ദം.
ഞാൻ കണ്ണുതുറന്നു.
പാത്രത്തിനടുത്ത് ഇപ്പോൾ യാതൊന്നും കാണുന്നില്ല.
ഞാൻ അങ്ങോട്ടുനടന്നു. നെഞ്ചിടിപ്പിന്റെ ശബ്ദം കാതുകളിൽ.
തൊട്ടടുത്തെങ്ങോ പൂച്ചകരയുന്ന ശബ്ദം.
പാത്രം ഒഴിഞ്ഞിരിക്കുന്നു.

*****************

കൃഷ്ണ